# നീരയുടെ സംഭരണവും വിതരണവും സർക്കാർ നേരിട്ടു നടത്തണം: ബി.എം.എസ്.




▪ കള്ള് ചെത്ത് തൊഴിലാളികൾ എറണാകുളം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിലേക്ക് നടത്തിയ മാർച്ച് ബി.എം.എസ് ജില്ലാ സെക്രട്ടറി ആർ. രഘുരാജ് ഉദ്ഘാടനം ചെയ്യുന്നു.

കൊച്ചി: നീരയുടെ ഉൽപാദനവും സംഭരണവും വിതരണവും സംസ്ഥാന സർക്കാർ നേരിട്ട് നടത്തണമെന്ന് ബി.എം.എസ് ജില്ലാ സെക്രട്ടറി ആർ. രഘുരാജ് ആവശ്യപ്പെട്ടു. കള്ളു ചെത്തുവ്യവസായം സർക്കാർ നേരിട്ട് നടത്തുക, പുതിയ വിദേശ മദ്യഷാപ്പുകൾ അനുവദിക്കാതിരിക്കുക, നീരയുടെ സംഭരണവും വിതരണവും സർക്കാർ നേരിട്ടു നടത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സംസ്ഥാന വ്യാപകമായി 25 വരെ ബി.എം.എസ് ടോഡി ആന്റ് അബ്കാരി ഫെഡറേഷൻ നടത്തിവരുന്ന പ്രക്ഷോഭപരിപാടികളുടെ ഭാഗമായി എറണാകുളം ഡെപ്യൂട്ടി എക്സൈസ് ഓഫീസിലേക്ക് നടത്തിയ തൊഴിലാളി മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. ടോഡി ആന്റ് അബ്കാരി മസ്ദൂർ ഫെഡറേഷൻ സംസ്ഥന ജനറൽ സെക്രട്ടറി എം.എം. രമേശ് തുടർന്ന് സംസാരിച്ചു.

ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡൻറ് പി.ആർ. ഉണ്ണികൃഷ്ണൻ അധ്യക്ഷം വഹിച്ചു.

ജില്ലാ പ്രസിഡൻറ് എ.ഡ. ഉണ്ണികൃഷ്ണൻ, കെ.വി. മധുകുമാർ, കെ.എസ്. അനിൽകുമാർ, എൻ.പി. ശശി, കെ.സി. ബാബു മൂവാറ്റുപുഴ, സജിത് ബോൾഗാട്ടി തുടങ്ങിയവർ മാർച്ചിനും ധർണയ്ക്കും നേതൃത്വം നൽകി.